## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 1215 02/05/2017-ൽ മറുപടിയ്ക്ക്

### ലൈഫ് പദ്ധതി

| ചോദ്യം<br>ശ്രീ.മുല്ലക്കര രത്നാകരൻ | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ലൈഫ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ വിശദീകരിക്കാമോ; ഇതിന്റെ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ എന്നും ഇതിനുള്ള സർക്കാർ ഉത്തരവ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ എന്നും അറിയിക്കാമോ? | (എ) | അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ ഭൂരഹിത ഭവനരഹിതർക്ക് വാസയോഗ്യമായ ഭവനം ലഭ്യമാക്കുന്നതിനും നിലവിലുള്ള ഭവനം വാസയോഗ്യമാക്കുന്നതിനുമായി സംസ്ഥാന സർക്കാർ സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതിയ്ക്ക് (ലൈഫ്) രൂപം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ഭൂരഹിത ഭവനരഹിതർക്കും സ്വന്തമായി വാസയോഗ്യമായ ഭവനം ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ ഭാഗമായി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കുടുംബശ്രീ സംവിധാനം ഉപയോഗിച്ച് സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്. സർവ്വേയുടെ വെരിഫിക്കേഷൻ നടന്നുവരികയാണ്. തുടർന്ന് കരട് പട്ടിക പ്രസിദ്ധപ്പെടുത്തുകയും പഞ്ചായത്ത് തലത്തിലും ജില്ലാതലത്തിലും അപ്പീലുകൾ കേട്ടശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പട്ടിക അംഗീകരിച്ച് അന്തിമമാക്കുന്നു. സ്വന്തമായി സ്ഥലമുള്ള ഭവനരഹിതർക്ക് വീട് നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനും സ്വന്തമായി സ്ഥലം ഇല്ലാത്തവർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിനുമുള്ള കർമ്മപദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്. എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കി വരുന്ന കേന്ദ്രസർക്കാരിന്റെ ഭവന പദ്ധതികളായ പ്രധാന മന്ത്രി ആ വാസ് യോജന |

(നഗരം), പ്രധാന മന്ത്രി ആ വാസ് യോജന (ഗ്രാമം), വിവിധ വകുപ്പു കളുടെ ഭവന പദ്ധതികൾ എന്നിവ ലൈഫ് പദ്ധതിയുമായി സംയോജിപ്പിച്ചിട്ടുണ്ട്.

ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മുൻഗണനാക്രമം താഴെപറയുന്നു.

1. മാനസിക വെല്ലുവിളി നേരിടുന്നവർ/അന്ധർ/ശാരീരിക തളർച്ച സംഭവിച്ചവർ
2. അഗതികൾ
3. അംഗവൈകല്യമുള്ളവർ (40% -ന് മുകളിൽ)
4. ഭിന്നലിംഗക്കാർ
5. ഗുരുതര/മാരകരോഗമുള്ളവർ
6. അവിവാഹിതരായ അമ്മമാർ
7. രോഗം/അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് ജീവനോപാധി കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ
8. വിധവകൾ

കൂടാതെ ഒന്നോ അതിലധികമോ ക്ലേശഘടകങ്ങൾ ഉള്ള കുടുംബങ്ങൾക്കും (റേഷൻ കാർഡ് അടിസ്ഥാനത്തിൽ) Kerala State AIDS Control Society യിൽ നിന്ന് ലഭ്യമായ ലിസ്റ്റ് പ്രകാരം HIV +ve അംഗങ്ങൾ ഉള്ള ഭൂരഹിത-ഭവനരഹിത കുടുംബങ്ങൾക്കും ആദ്യഘട്ടത്തിൽ മുൻഗണന നൽകാൻ തീരുമാനമായിട്ടുണ്ട്.

ലൈഫ് പദ്ധതിയുടെ സർവ്വേർമാർക്കുള്ള മാർഗ്ഗനിർദ്ദേശം സ.ഉ (സാധാ) നം. 391/2017/തസ്വഭവ തീയതി. 9/2/2017 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിയുടെ മുന്നൊരുക്ക പ്രവർത്തനങ്ങൾ അംഗീകരിച്ചുകൊണ്ട് സ.ഉ (സാധാ) നം. 328/2017/തസ്വഭവ തീയതി. 6/2/2017 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. മന്ത്രിതല സമിതി രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവ് സ.ഉ (സാധാ) നം. 3569/2016/തസ്വഭവ തീയതി 31/12/2016 പ്രകാരം ഉത്തരവ് ആയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ